# Desabhimani
# 30 August 2018
# Kochi ; Nava Karala Mission Started



# നവകേരള നിർമാണത്തിന് തുടക്കമിട്ടതായി സർക്കാർ

**കൊച്ചി**

പ്രളയം കവർന്ന കേരളത്തെ പുനർനിർമിക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കമിട്ടതായി സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. പുനർനിർമാണപദ്ധതി തയ്യാറാക്കിവരുന്നതായും സർക്കാർ വ്യക്തമാക്കി. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാൻ കോടതി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് വിശദമായ സത്യവാങ്മൂലം സമർപ്പിച്ചത്.

നാശനഷ്ടങ്ങൾ വിലയിരുത്താനുള്ള നടപടികൾ ജില്ലകളിൽ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ദുരിതാശ്വാസപ്രവർത്തനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്നു. ഭൂരിഭാഗം ജനങ്ങളും ക്യാമ്പുകളിൽനിന്നും വീടുകളിലേക്ക് മടങ്ങി. സന്നദ്ധപ്രവർത്തകരുടെ പിന്തുണയോടെ ശുചീകരണവും പുരോഗമിക്കുന്നു.

പ്രളയക്കെടുതിമൂലമുണ്ടായ നാശനഷ്ടം ദീർഘകാലാടിസ്ഥാനത്തിൽ വിലയിരുത്തുന്നത് ദുഷ്കരമാണെന്ന് സർക്കാർ ചൂണ്ടിക്കാട്ടി. തകർന്നത് പുനഃസ്ഥാപിക്കാനല്ല, പുതിയ കേരളം കെട്ടിപ്പടുക്കലാണ് ലക്ഷ്യം. ദുരിതാശ്വാസത്തിനും പുനർനിർമാണത്തിനുമുള്ള സഹായം ജനങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. എന്നിരുന്നാലും പുനർനിർമാണത്തിനുള്ള പണം സർക്കാരിനു തനിച്ച് കണ്ടെത്താനാവില്ല. കേന്ദ്രസഹായം വേണം. കൂടാതെ വിദേശസഹായം ലഭിക്കാനുള്ള സാധ്യതകളും പരിശോധിച്ചുവരികയാണെന്നും സർക്കാർ അറിയിച്ചു. സംസ്ഥാനത്തെ പ്രളയക്കെടുതിയെ ലെവൽ 3ൽ ഉൾപ്പെടുത്തിയിട്ടും തുടർസഹായം നൽകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി ഇടുക്കി സ്വദേശിയായ അഡ്വ. ഷിബിയാണ് ഹർജി സമർപ്പിച്ചത്.